4. കെ.എസ്.ആർ.ടി.സി. റൂട്ട്/സർവ്വീസുകൾ വർദ്ധിപ്പിക്കൽ

ശ്രീ. ആർ. സെൽവരാജ്: സർ, കേരളത്തിന്റെ തെക്കേയറ്റമായ നെയ്യാറ്റിൻകരയിൽ കെ.എസ്.ആർ.ടി.സി.-യെ മാത്രം ആശ്രയിച്ചാണ് യാത്രക്കാർ സഞ്ചരിക്കുന്നത്. വളരെ വരുമാനമുള്ളതും വളരെക്കാലത്തെ പഴക്കമുള്ളതുമായ ഡിപ്പോയാണ് നെയ്യാറ്റിൻകര കെ.എസ്.ആർ.ടി.സി. ഡിപ്പോ. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഉണ്ടായിരുന്ന റൂട്ടുകളിലും സർവ്വീസുകളിലും മാസങ്ങൾ കഴിയുന്തോറും കുറവുവരുന്നതായി കാണുന്നു. വളരെ വരുമാനമുള്ള ഡിപ്പോ എന്ന നിലയ്ക്ക് റൂട്ടിലും സർവ്വീസിലുമുണ്ടാകുന്ന കുറവ് ചില സ്ഥാപിത താത്പര്യക്കാരുടെ രാഷ്ട്രീയ ലക്ഷ്യം നിറവേറ്റുന്നതിനുവേണ്ടിയാണ് നടന്നുവരുന്നത്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് വളരെ ഗൗരവമായി പരിശോധിച്ച് സർവ്വീസിലുണ്ടായ കുറവും റൂട്ടിലുണ്ടായ കുറവും പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, പ്രസ്തുത ഡിപ്പോയിൽ 2015 ഡിസംബറിൽ ജൻറം ഷെഡ്യൂൾ പത്തായും കെ.എസ്.ആർ.ടി.സി. ഷെഡ്യൂൾ നൂറായും വർദ്ധിപ്പിച്ചിട്ടുണ്ട്. ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് നിലവിൽ പത്ത് ജൻറം ബസ്സുകളും 87 കെ.എസ്.ആർ.ടി.സി. ബസ്സുകളുമാണുള്ളത്. 2011 കാലയളവിൽ പ്രതിദിനം ശരാശരി 74 സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്തിരുന്നിടത്ത് ഇപ്പോൾ 80 സർവ്വീസുകൾ ശരാശരി നടത്തിവരുന്നുണ്ട്. ഈ കാലയളവിൽ ടി ഡിപ്പോയിലെ 32 ബസ്സുകൾ സ്റ്റോപ്പ് ചെയ്യുകയും 5 ജൻറം ബസ്സുകൾ ഉൾപ്പെടെ 22 പുതിയ ബസ്സുകളും മറ്റ് ഡിപ്പോകളിൽ നിന്ന് 11 ബസ്സുകളും നെയ്യാറ്റിൻകര ഡിപ്പോയിലേക്ക് അനുവദിക്കുകയുമുണ്ടായി. സ്റ്റോപ്പ് ചെയ്യുന്നതിന് തുല്യമായ ബസ്സുകളേക്കാൾ അധികമായി ഒരു ബസ്സുകൂടി അവിടെ നൽകിയിട്ടുണ്ട്. നിലവിൽ എല്ലാ ഷെഡ്യൂളുകളും ഓപ്പറേറ്റ് ചെയ്യുന്നതിന് സ്പെയർപാർട്ട്സ് ഉൾപ്പെടെ 23 ബസ്സുകൾ കൂടി ആവശ്യമാണ്. എന്നാൽ നെയ്യാറ്റിൻകര ഡിപ്പോയുടെ സമഗ്ര വികസനത്തിനു വേണ്ടി അത്യാധുനിക വാണിജ്യ സമുച്ചയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നതിനാൽ വാഹനങ്ങളുടെ പരിപാലനത്തിനുംമറ്റും വളരെ ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. വാണിജ്യ സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നതിനാൽ അടുത്തമാസംതന്നെ ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുകയാണ്. അതുകഴിഞ്ഞാൽ ഈ പ്രശ്നത്തിന് പരിഹാരമാകും.

5. ഭൂമിയുടെ കരം സ്വീകരിക്കൽ

ശ്രീ. എം. ഉമ്മർ: സർ, മഞ്ചേരി നിയോജകമണ്ഡലത്തിലെ ഏറനാട് താലൂക്കിൽ 156 കുടുംബങ്ങൾ നിയമാനുസൃതം രജിസ്റ്റർ ചെയ്ത് ക്രയവിക്രയം നടത്തിയ ഭൂമിയുടെ കരം സ്വീകരിക്കാത്തതുകൊണ്ട് ആ കുടുംബങ്ങൾക്കുണ്ടായ പ്രശ്നം

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മന്ത്രിയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽ കൊണ്ടു വരുന്നതിനാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി പഴശ്ശിരാജയുമായി ചേർന്ന് ബ്രിട്ടീഷുകാർക്കെതിരെ സമരം ചെയ്തതിനെ തുടർന്ന് മഞ്ചേരി അത്തൻകുട്ടിക്കുരുക്കൾ എന്നയാളെ 1800-ൽ ബ്രിട്ടീഷുകാർ വധിക്കുകയും വസ്തുവകകൾ സർക്കാരിലേക്ക് കണ്ടുകെട്ടുകയും ചെയ്തു. ഇത് B1/5991/2000-ൽ തഹസീൽദാരുടെ റിപ്പോർട്ടിൽ പറഞ്ഞ ഭാഗമാണ്. തുടർന്ന് കണ്ടുകെട്ടിയ ഭൂമിക്ക് ഒരു ജൻമവില നിശ്ചയിക്കുകയും എട്ട് ഗഡുക്കളായി ഗവൺമെന്റിലേക്ക് അടവാക്കിക്കൊള്ളാമെന്ന വ്യവസ്ഥയിൽ പതിച്ചുകൊടുക്കുകയും 1964-ൽ കൈവശത്തിന് ഗവൺമെന്റ് കൈച്ചീട്ട് എഴുതിവാങ്ങുകയും 1968-ൽ കൈച്ചീട്ട് പ്രകാരമുള്ള സംഖ്യ അടവാക്കുകയും ചെയ്തു. 1990-91 വർഷം മുതൽ അടിസ്ഥാന ഭൂനികുതി നിരക്കിൽ പലവക ശീർഷകത്തിൽ അടിസ്ഥാന ഭൂനികുതി നിരക്കിൽ സംഖ്യ സ്വീകരിച്ചുവരികയും ചെയ്തു. കൂടാതെ 2010 വരെ 156 കുടുംബങ്ങളിൽ നിന്നും ഭൂനികുതി സ്വീകരിച്ചുവരികയും ചെയ്തിരുന്നു. എന്നാൽ 2010-ന് ശേഷം ഭൂനികുതി സ്വീകരിക്കാത്തതുകൊണ്ട് പ്രസ്തുത കുടുംബങ്ങൾക്ക് ബാങ്കിൽ നിന്ന് വായ്പ എടുക്കുന്നതിനോ ഭൂമിയുടെ ക്രയവിക്രയം ചെയ്യുന്നതിനോ സാധിക്കുന്നില്ല. ആയതിനാൽ നൂറ്റാണ്ടുകളായി ഭൂമി കൈവശംവച്ച് അനുഭവിച്ചു കൊണ്ടിരിക്കുന്ന പ്രസ്തുത 156 കുടുംബങ്ങളിൽ നിന്ന് ഭൂനികുതി സ്വീകരിക്കുന്നതിന് നടപടിയുണ്ടാകണം. റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുടെ റിപ്പോർട്ട് പൂർണ്ണമായും ശരിയല്ലെന്നാണ് എനിക്ക് തോന്നുന്നത്. അതുകൊണ്ട് 156 കുടുംബങ്ങളുടെ മീറ്റിംഗ് പ്രത്യേകം നടത്തി അവരുടെ പ്രശ്നങ്ങൾ സത്യസന്ധമായി വിലയിരുത്തി രേഖകൾ പരിശോധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഒരു അദാലത്ത് നടത്തി അവരുടെ പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>): സർ, മലപ്പുറം ജില്ലയിൽ ഏറനാട് താലൂക്കിൽ പയ്യനാട് വില്ലേജിൽ സർവ്വേ നമ്പരുകൾ 8, 11, 12, 16, 17, 21, 23, 47, 52, 55, 57, 64, 70, 72, 77, 81, 272, 325, 341, 473 ഉൾപ്പെട്ട 36.49 ഏക്കർ ഭൂമി റീസർവേ സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം 1933 മുതൽ B.P. Mis. 3488-ൽ വർഷംതോറും പാട്ടം ഈൽപ്പിച്ചുകൊടുക്കുന്ന ഭൂമിയെന്നും കാണിച്ചിട്ടുണ്ട്. പൂറമ്പോക്ക് രജിസ്റ്ററിൽ റവന്യൂ സത്രം ഭൂമിയെന്നും റവന്യൂ രജിസ്റ്ററിൽ ഗവൺമെന്റെന്നും രേഖപ്പെടുത്തിയിട്ടുള്ള ഭൂമിയാണ്. ഇപ്രകാരം മേൽപ്പടി ഭൂമി KLC Act 1957 - ബാധകമായ ഭൂമിയാണ്. 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂപതിവ് ചട്ടങ്ങൾ പ്രകാരം മുൻസിപ്പൽ പ്രദേശങ്ങളിൽ പത്ത് സെന്റ് ഭൂമി വരെ മാത്രമേ പതിച്ചു നൽകാൻ വ്യവസ്ഥയുള്ളൂ. പ്രസ്തുത കേസിൽ കൈവശക്കാരുടെ കൈവശം പത്ത് സെന്റിൽ കൂടുതൽ ഭൂമിയുള്ളതിനാലും സൗജന്യമായി മുനിസിപ്പൽ അതിർത്തിയിൽ ഭൂമി പതിച്ചു നൽകുന്നത് ദൂരവ്യാപകമായ ഭവിഷ്യത്തും കീഴ്വഴക്കവും ഉളവാക്കുമെന്നതിനാലും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സത്രം ഭൂമി പതിവ് നിർദ്ദേശം പരിഗണിക്കാൻ നിർവ്വാഹമില്ലാത്തതാണ്. 8-7-2009-ലെ റവന്യൂ വകുപ്പിൽ നിന്നുമുള്ള കത്ത് പ്രകാരം മേൽപ്പടി ഭൂമി കയ്യേറ്റം ഒഴിപ്പിച്ച് ഭൂമി സംരക്ഷിക്കുന്നതിനായി ലാന്റ് ബാങ്കിലുൾപ്പെടുത്തുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ നിർദ്ദേശത്തിനുശേഷം സത്രം ഭൂമിക്ക് ഭൂനികുതി ഈടാക്കൽ മേൽപ്പടി സാമ്പത്തിക വർഷം മുതൽ നിർത്തി വച്ചിട്ടുള്ളതാണ്. മേൽപ്പടി ഭൂമിയുടെ ഒരു ഭാഗം മഞ്ചേരി പാണ്ടിക്കാട് റോഡ് വികസനത്തിന് പൊന്നും വിലയ്ക്കെടുത്ത നടപടിയിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP (C) 29902/15 നമ്പരായി വ്യവഹാരം നിലനിൽക്കുന്നതുമാണ്. ഈ വിഷയത്തിൽ സത്രം ഭൂമിയുടെ കൈവശക്കാർ റവന്യൂ അദാലത്തിൽ സമർപ്പിച്ച അപേക്ഷയിന്മേൽ ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത് ലാന്റ് റവന്യൂ കമ്മീഷണറുടെ പരിശോധനയിലാണ്. ഇങ്ങനെയാണ് റിപ്പോർട്ട് വന്നിട്ടുള്ളതെങ്കിലും ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതനുസരിച്ച് ഇക്കാര്യങ്ങൾ പരിശോധന നടത്തുന്നതിനുവേണ്ടി ഒരു മീറ്റിംഗ് വിളിച്ചുചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

6. വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജിൽ കോഴ്സ് ആരംഭിക്കൽ

ശ്രീ. എ. കെ. ബാലൻ: സർ, സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ മികച്ച സ്ഥാപനമായ NTTF (Nettur Technical Training Foundation)-ഉം പട്ടികജാതി വികസന വകുപ്പും സംയുക്തമായി ആരംഭിച്ച സ്ഥാപനമാണ് എന്റെ മണ്ഡലത്തിലെ വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജ്. 2012-ലാണ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ശ്രീ. എ. പി. അനിൽ കുമാർ ഇതിന്റെ പ്രവർത്തനോദ്ഘാടനം നിർവ്വഹിച്ചത്. ഞാൻ വകുപ്പുമന്ത്രിയായിരുന്ന കാലഘട്ടത്തിലായിരുന്നു ഇതിന്റെ ഔപചാരികമായ തീരുമാനമുണ്ടായത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് Certificate Programme in Precision Machinist (CPPM) എന്ന കോഴ്സാണ് ഇപ്പോൾ നടത്തുന്നത്. ആധുനിക വ്യവസായശാലകളിലെ യന്ത്രസാമഗ്രികളും മറ്റ് ഉപകരണങ്ങളും പ്രവർത്തിപ്പിക്കുന്നതിനുള്ള അറിവും പ്രാവീണ്യവും നൽകുന്നതാണ് ഈ കോഴ്സ്. 20 പേർക്കാണ് പ്രവേശനം. കഴിഞ്ഞ മൂന്ന് വർഷവും പ്രവേശനം ലഭിച്ച എല്ലാ വിദ്യാർത്ഥികൾക്കും കർണ്ണാടകയിലും തമിഴ്നാട്ടിലും ജോലികിട്ടി. 20,000-25,000 രൂപ ശമ്പളമാണ് തുടക്കത്തിൽ ലഭിക്കുന്നത്. നിലവിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന് സ്വന്തമായി കെട്ടിടമില്ലാത്തതുകൊണ്ട് കെട്ടിടം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. 185 സെന്റ് സ്ഥലം പട്ടികജാതി വികസന വകുപ്പിന് കൈമാറുന്നതിന് റവന്യൂ വകുപ്പും ഇപ്പോൾ തയ്യാറായിട്ടുണ്ട്. എന്നാൽ പരിശീലനം നൽകുന്ന ഇൻകുബേറ്റിംഗ് ഏജൻസിയായ NTTF-ഉം സർക്കാരുമുണ്ടാക്കിയിട്ടുള്ള MoU-ന്റെ കാലാവധി 2015 ആഗസ്റ്റിൽ അവസാനിച്ചു പുതിയ MoU അംഗീകരിക്കാത്തതിനാൽ ജൂണിൽ തുടങ്ങേണ്ട ക്ലാസ് ഇതുവരെ